# ബിജുവിൻെറ കുടുംബത്തിന് ഒരുമ സഹായം

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹികക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച കണ്ണൂർ ചപ്പാരപ്പടവ് പടപ്പങ്ങാട് താഴെതൊട്ടിൽ വീട്ടിൽ പരേതനായ ടി.ആർ. ബിജുവിൻെറ കുടുംബത്തിനുള്ള സഹായധനം കൈമാറി. മൂന്നു ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് തൃശൂർ വരവൂരിൽ നടന്ന ചടങ്ങിൽ സാമൂഹികപ്രവർത്തകനായ പി.കെ. ഹംസ ബിജുവിൻെറ മകൾക്ക് കൈമാറി.

വാർഡ് അംഗം വിദ്യാലക്ഷ്മി, കെ.ഐ.ജി കുവൈത്ത് പ്രതിനിധികളായ അബ്ദുൽ അസീസ്, അംജദ് തുടങ്ങിയവർ സംബന്ധിച്ചു. രണ്ടു മാസം മുമ്പ് ജോലിക്കിടെ കുവൈത്തിലെ ജോലിസ്ഥലത്തുണ്ടായ അപകടത്തിലാണ് ബിജു മരിച്ചത്.

കെ.ഐ.ജിയുടെ കീഴിലാണ് ഒരുമ പദ്ധതി പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.

gulf madhyamam
2015 ജനുവരി 21 ● ബുധൻ



ഇന്ത്യക്കാരനിൽനിന്ന് ...
തട്ടി...

...നിർത്തു
...വലിച്ചിറക്കി മർദിക്കുകയും
...ർന്ന് വാഹനം തട്ടിയെടുക്കു...